## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.282

20.06.2018 ൽ മറുപടിയ്ക്ക്

### നെല്ല് സംഭരണ പദ്ധതി

**ചോദ്യം**

ശ്രീമതി സി.കെ. ആശ
ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീ.ആർ. രാമചന്ദ്രൻ
ശ്രീ.എൽദോ എബ്രഹാം

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

(എ) നടപ്പുസീസണിലെ നെല്ല് സംഭരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എ) 2017-18 ലെ നെല്ല് സംഭരണ സീസണിൽ 11.06.18 വരെ 1,39,541 കർഷകരിൽ നിന്നും 4.81 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | സംഭരിച്ച നെല്ലിന്റെ അളവ് (മെട്രിക് ടൺ) |
|---|---|
| തിരുവനന്തപുരം | 466.183 |
| കൊല്ലം | 480.147 |
| പത്തനംതിട്ട | 8438.285 |
| ആലപ്പുഴ | 152742.825 |
| കോട്ടയം | 66068.079 |
| ഇടുക്കി | 102.525 |
| എറണാകുളം | 4490.139 |
| തൃശ്ശൂർ | 76879.806 |
| പാലക്കാട് | 149502.093 |
| മലപ്പുറം | 17494.373 |
| കോഴിക്കോട് | 321.130 |
| വയനാട് | 3891.696 |
| കണ്ണൂർ | 383.181 |
| കാസർകോട് | 256.396 |

(ബി) സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ ശൃംഖലയിൽ വിതരണം ചെയ്യുന്നതിന് മുന്നോടിയായി ഗുണനിലവാര പരിശോധന നടത്താറുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ട്. നെല്ല് സംഭരണ സംസ്കരണ വിതരണ പ്രക്രിയയിൽ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരം ഉറപ്പ് വരുത്തിയ ശേഷമാണ് വിതരണത്തിനായി നൽകുന്നത്.

| | | | |
|---|---|---|---|
| (സി) | നെല്ല് സംഭരണ പദ്ധതിയുടെ കൈകാര്യചെലവ് കേന്ദ്ര സർക്കാർ നല്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (സി) | ഉണ്ട്. നെല്ല് സംഭരണ സംസ്കരണ വിതരണ പ്രക്രിയയിൽ കൈകാര്യ ചെലവ് ഉൾപ്പെടെ ഒരു ക്വിന്റൽ അരിയ്ക്ക് കേന്ദ്ര സർക്കാർ 2707 രൂപ നല്കുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്തിന് പുറത്ത് നിന്ന് നെല്ല് കൊണ്ട് വന്ന് സംഭരണ പ്രക്രിയയിൽ ഉൾപ്പെടുത്തുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. പരാതി സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഇ) | സംഭരിച്ച നെല്ല് അരിയാക്കി മാറ്റുന്നതിൽ സ്വകാര്യമില്ലുകൾ, സഹകരണ-പൊതുമേഖല സ്ഥാപനങ്ങളുടെ മില്ലുകൾ എന്നിവയുടെ പങ്കാളിത്തം വിശദമാക്കുമോ? | (ഇ) | വികേന്ദ്രീകൃത ധാന്യസംഭരണ സംസ്കരണ വിതരണ പദ്ധതിപ്രകാരം സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി മാറ്റുന്നത് സ്വകാര്യ, സഹകരണ മേഖലകളിലെ മില്ലുകൾ മുഖേനയാണ്. |

സെക്ഷൻ ഓഫീസർ